# പുരുഷ നിർമ്മിത ഫെമിനിസത്തിന്റെ സദാചാര പാഠങ്ങൾ: 'ദ ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ' എന്ന സിനിമയെ മുൻനിർത്തിയുള്ള പഠനം

**അഞ്ജലി മോഹൻ എം.ആർ**
ഗവേഷക, മലയാള വിഭാഗം, കെ.കെ.ടി.എം ഗവ.കോളേജ്, പുല്ലൂറ്റ്,കൊടുങ്ങല്ലൂർ.

**സംഗ്രഹം**

പുരുഷനിർമ്മിതവും സദാചാരബദ്ധവുമായ ഫെമിനിസ്റ്റ് സിനിമകൾക്കും നാടകങ്ങൾക്കും വലിയ വരവേല്പാണ് സൈദ്ധാന്തികചർച്ചകളിലും മറ്റും ലഭിക്കുന്നത്. ഇത്തരം കലാരൂപങ്ങൾ വാഴ്ത്തിപ്പാടലുകൾക്ക് വിധേയമാകാറുമുണ്ട്. ഇത്തരത്തിൽ പുരുഷനിർമ്മിതഫെമിനിസം തീർക്കുന്ന സദാചാര പാഠങ്ങളെ 'ദ ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ' എന്ന സിനിമയെ ആധാരമാക്കി വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധം.

**താക്കോൽ വാക്കുകൾ :** ഫെമിനിസം, സദാചരം, സിനിമ, നാടകം, മാധ്യമങ്ങൾ, പുരുഷകേന്ദ്രീകൃതം, ഉപരിപ്ലവാത്മകത.

**ആമുഖം:**

സ്ത്രീകളുടെ ഇറങ്ങിപ്പോക്ക് അഥവാ പുരുഷ കാഴ്ചപ്പാടനുസരിച്ചുള്ള സ്ത്രീകളുടെ നേർരേഖാ ജീവിതത്തിൽ നിന്നുള്ള തിരവുകളെ വലിയ സദാചാര ആരോപണം കൊണ്ട് നേരിടാൻ എല്ലാ കാലത്തും പുരുഷസമൂഹം ശ്രമിക്കാറുണ്ട്. പ്രണയത്തിൽ നിന്നോ, ദാമ്പത്യത്തിൽ നിന്നോ, കുടുംബത്തിൽ നിന്നോ സ്ത്രീകൾ ഇറങ്ങിപ്പോകാൻ തീരുമാനിക്കുന്ന നിമിഷം മുതൽ ആ അക്രമണം തുടങ്ങുന്നു. തേപ്പ്കാരി, ഒളിച്ചോടിയവീട്ടമ്മ, ദുർനടപ്പുകാരി എന്നിങ്ങനെ വിവിധ പേരുകളിലേക്ക് ഇവരെയെല്ലാം ഒതുക്കാനുള്ള ശ്രമങ്ങൾ പുരുഷമേധാവിത്വ സമൂഹം ഏറ്റെടുക്കുന്നു. സമാനമായ വാർത്തകളിലും കഥകളിലുമുള്ള പൊതുജിജ്ഞാസ മനസ്സിലാക്കുന്ന മുഖ്യധാരാ മാധ്യമങ്ങൾ ഇത്തരം വാർത്തകളെ കമ്പോളവത്കരിക്കുന്നു. ഇത്തരത്തിൽ പുരുഷനിർമ്മിതഫെമിനിസം തീർക്കുന്ന സദാചാര പാഠങ്ങളെ 'ദ ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ' എന്ന സിനിമയെ ആധാരമാക്കി വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധം.

പുരുഷ കേന്ദ്രീകൃത മാധ്യമലോകം നിരന്തരം നടത്തുന്ന സ്ത്രീവിരുദ്ധ ഇടപെടലുകൾ പൊതുസമൂഹത്തിൽ സ്ത്രീകളെ സംബന്ധിച്ച വാർപ്പു മാതൃകകൾ സൃഷ്ടിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്.

ഗൂഗിൾസെർച്ചിൽ പോയി 'വീട്ടമ്മ' എന്ന് മലയാളത്തിൽ ടൈപ്പ് ചെയ്താൽ ആദ്യം കാണിക്കുന്നത് 'വീട്ടമ്മ ഒളിച്ചോടി' എന്ന വാർത്തയാണ്. അതിൽ ക്ലിക്ക് ചെയ്താൽ ലഭിക്കുന്ന സെർച്ച് ലിസ്റ്റുകളാണിത് :

''വീട്ടമ്മ കാമുകനൊപ്പം ഒളിച്ചോടി''

'' 17 കാരനൊപ്പം വീട്ടമ്മ ഒളിച്ചോടി''

"ഭർത്താവിനെയും രണ്ട് മക്കളെയും ഉപേക്ഷിച്ച് വീട്ടമ്മ ഒളിച്ചോടി''

"രണ്ട് മക്കളെയും ഉപേക്ഷിച്ച് വീട്ടമ്മ ഒളിച്ചോടി''

''ഫേസ്ബുക്ക് പ്രണയം - വീട്ടമ്മ ഒളിച്ചോടി''

- ഇങ്ങനെ തുടരുന്ന നിരവധി വാർത്തകളാണ് പ്രമുഖമാധ്യമങ്ങൾ വരെ നൽകുന്നത്. പക്ഷെ കൂടെ ഓടിയത് വീട്ടച്ഛനാണോ, വീട്ടപ്പൂപ്പനാണോ, വീട്ടുമകനാണോ എന്നൊന്നും എവിടെയും പരാമർശിക്കുന്നില്ല വീട്ടച്ഛന്മാർ ഒളിച്ചോടിയിട്ടുണ്ടോ എന്ന് ഗൂഗിളിൽ തിരഞ്ഞു നോക്കിയാൽ ലഭിക്കുന്നത് ''നീ മരിച്ചാലും ജീവിച്ചാലും എനിക്കൊന്നുമില്ല, ഒളിച്ചോടിയ ആറാമത്തെ ഭാര്യയോട് ദുബായ് ഷേക്ക്'' എന്ന വാർത്തയാണ്. ഇത്തരത്തിലുള്ള വാർത്തകൾ വിറ്റു കാശാക്കുന്ന മാധ്യമങ്ങളാണ് 'ദ ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ' എന്ന സിനിമയെയും ആഘോഷിക്കുന്നത് എന്നതാണ് വിരോധാഭാസം. ഈ വിരോധാഭാസം ഇവിടുത്തെ പുരോഗമന ആഘോഷപക്ഷത്തിൻ്റെ കൂടി സ്വഭാവമാണെന്നു മനസ്സിലാക്കാവുന്നതാണ്. അതുകൊണ്ടുതന്നെ പുരുഷനിർമ്മിതവും സദാചാരബദ്ധവുമായ ഫെമിനിസ്റ്റ് സിനിമകൾക്കും നാടകങ്ങൾക്കും വലിയ വരവേല്പാണ് ലഭിക്കുന്നത്.

സൈദ്ധാന്തികചർച്ചകളിലും ഇത്തരം കലാരൂപങ്ങൾ വാഴ്ത്തിപ്പാടലുകൾക്ക് വിധേയമാകാറുണ്ട്.

ഉദാഹരണത്തിന് അടൂർ ഗോപാലകൃഷ്ണൻ്റെ ' നാലുപെണ്ണുങ്ങൾ' എന്ന സിനിമയിലെ 'നിത്യകന്യക' എന്ന ഭാഗമെടുക്കാം.

" ഒരമ്മക്ക് 4 മക്കൾ, 3 പെണ്ണും ഒരാണും. മൂത്തമകൾ കാമാക്ഷിയാണ് സിനിമയിലെ പ്രധാന കഥാപാത്രം. സഹോദരങ്ങളുടെയെല്ലാം

വിവാഹം കഴിഞ്ഞിട്ടും കാമാക്ഷിയുടെ വിവാഹം നടക്കുന്നില്ല. അമ്മ മരിക്കുന്നതോടെ കാമാക്ഷി ഒറ്റയ്ക്കാവുന്നു. ലൈംഗിക ആഗ്രഹങ്ങൾ ഉള്ളിലൊതുക്കി ജീവിക്കുന്ന കാമാക്ഷി ഒരു പുരുഷനെ വീട്ടിലേക്ക് ക്ഷണിക്കുന്നു. എന്നാൽ രാത്രി ഈപുരുഷൻ വന്ന് കതകിൽ മുട്ടുമ്പോൾ കാമാക്ഷി വാതിൽ തുറക്കുന്നില്ല. പുരുഷനില്ലാതെയും സ്ത്രീക്ക് ജീവിക്കാൻ സാധിക്കണമെന്ന് കാമാക്ഷി ദൃഢനിശ്ചയമെടുക്കുന്നിടത്താണ് സിനിമ അവസാനിക്കുന്നത്. ഇവിടെ സ്ത്രീയുടെ സ്വയംപര്യാപ്തതയെ ലൈംഗികതയിലേക്ക് ചുരുക്കുകയാണ് സംവിധായകൻ ചെയ്യുന്നത്. മാത്രമല്ല അവിവാഹിതരായ സ്ത്രീകളുടെ പാതിവ്രത്യം, കന്യകാത്വം എന്നിവയെ മഹത്വവത്കരിക്കുകയും ചെയ്യുന്നു. പക്ഷെ 'അടിച്ചമർത്തപ്പെടുന്ന സ്ത്രീജീവിതങ്ങളെയാണ് പ്രതിനിധാനം ചെയ്തത് ' എന്ന വായനകളാണ് ഈ സിനിമയെ സംബന്ധിച്ച് ഉണ്ടാകുന്നത്. സ്ത്രീകൾ പറക്കണമെന്ന് പറഞ്ഞു കൊണ്ട് പാരാഗ്ലൈഡറിൽ പറക്കുന്നതു കാണിച്ച ആഷിക് അബു സിനിമയായ റാണി പത്മിനിയിലെ രംഗം പോലെ പുരുഷന്മാർ സ്ത്രീകളെ ഏറ്റെടുക്കുന്നതു പോലുള്ള ഉപരിപ്ലവമായ കാഴ്ചയാണ് നിത്യകന്യകയിയിലേയും എന്നു പറയാവുന്നതാണ്.

പുരുഷ നിർമ്മിത സ്ത്രീപക്ഷ സിനിമകളിലുണ്ടാകുന്ന കന്യകാത്വ-പാതിവ്രത്യസംരക്ഷണങ്ങൾക്ക് ഇനിയും ഉദാഹരണങ്ങളുണ്ട്. എ. ശാന്തകുമാറിൻ്റെ 'പ്രണയ കഥകളി' എന്ന നാടകത്തിൽ പുരാണ കഥകളിലെ സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാരെ ചോദ്യം ചെയ്യുന്ന സന്ദർഭമുണ്ട്. അതിൽ രാവണനെ മണ്ഡോദരി ചോദ്യം ചെയ്യുന്നതിങ്ങനെയാണ്. രാവണന് സ്ത്രീകളോടുള്ള താല്പര്യങ്ങളും ബന്ധങ്ങളും തനിക്കറിയാമെന്നും തനിക്കും വേണമെങ്കിൽ അങ്ങനെ ആകാമായിരുന്നുവെന്നും പറയുന്ന മണ്ഡോദരി തനിക്കതിന് സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിങ്ങനെയാണ്. 'രാവണാ...അങ്ങനെയാകാൻ നീ അല്ല ഞാൻ'. ഇവിടെ മണ്ഡോദരിയുടെ പാതിവ്രത്യം സ്ഥാപിക്കാൻ സംവിധായകൻ ശ്രമിക്കുന്നതായി കാണാം. 'വഴുതനങ്ങ' എന്ന ഷോർട് ഫിലിമിലെ സ്വയംഭോഗം ചെയ്യാത്ത വിശുദ്ധയായ നായികയും 'freedom at midnight' ലെ ഭർത്താവിന് മറ്റൊരു ലൈംഗിബന്ധമുണ്ടെന്നറിയുമ്പോൾ അതിനെ എതിർക്കാൻ വേണ്ടി

മാത്രം സ്ത്രീയുടെ ലൈംഗിക സ്വാതന്ത്രത്തെ കുറിച്ച് സംസാരിക്കുന്ന ഭാര്യയും പുരുഷ നിർമ്മിത കലാസൃഷ്ടികളുടെ ബാക്കിപത്രങ്ങളാണ്.

ഇതിൻ്റെ മറ്റൊരു വശമാണ് വിശുദ്ധ പ്രണയ സിനിമകളുടെ ആഘോഷങ്ങൾ. എന്നാൽ ഇതിനെയെല്ലാം ഖണ്ഡിച്ചു കൊണ്ടുള്ള സ്ത്രീയുടെ സ്വാതന്ത്ര്യ പ്രഖ്യാപനവും ഇറങ്ങിനടക്കലുകളും ആവിഷ്കരിച്ച ചില മലയാളസിനിമകളുണ്ട്. 2017ൽ റിലീസ് ചെയ്ത ശ്യാമപ്രസാദിൻ്റെ ആർടിസ്റ്റ്, 2019 ൽ പുറത്തിറങ്ങിയ അനുരാജ് മനോഹറിൻ്റെ ഇഷ്ക്, 2011 ൽ സുവീരൻ സംവിധാനം 'ബ്യാരി' തുടങ്ങിയവ. സമൂഹത്തിൻ്റെയും ആചാരങ്ങളുടെയും ഇടയിൽ കുടുങ്ങിപ്പോകുന്ന തൻ്റെ ജീവിതത്തെ തിരിച്ചുപിടിക്കാൻ ശ്രമിക്കുന്ന നായികയുടെ കഥയാണ് 'ബ്യാരി' എന്ന സിനിമ. മുസ്ലിം സമുദായത്തിലെ ഭാര്യയും ഭർത്താവും തങ്ങളുടെ രണ്ടു കുടുംബങ്ങൾ തമ്മിലുള്ള ചെറിയ പ്രശ്നങ്ങളുടെ പേരിൽ മൊഴിചൊല്ലി പിരിയുന്നു. എന്നാൽ അവർക്ക് പരസ്പരം പിരിയാൻ കഴിയില്ല എന്നുറപ്പാകുമ്പോൾ വീണ്ടും ഒരുമിക്കാൻ തീരുമാനിക്കുന്നു. അവരുടെ സമുദായത്തിൽ മൊഴിചൊല്ലിയ പെണ്ണിനെ വീണ്ടും വിവാഹം കഴിക്കണമെങ്കിൽ, അവൾ മറ്റൊരു കല്യാണം കഴിക്കുകയും ഒരു രാത്രി ആ പുരുഷനൊപ്പം കഴിയുകയും വേണം. ലൈംഗിക ബന്ധത്തിലേർപ്പെടാതെ ഒരു ദിവസം പെൺകുട്ടിയോടൊപ്പം താമസിക്കാൻ തയ്യാറാവുന്ന പുരുഷനെ രണ്ടു വീട്ടുകാരും അന്വേഷിക്കുന്നു. ഒടുവിൽ പെൺകുട്ടിയുടെ ബാല്യകാല സുഹൃത്ത് അവളെ വിവാഹം കഴിക്കാൻ തയ്യാറായി വരുന്നു. വിവാഹരാത്രി പെൺകുട്ടി ലൈംഗിക ബന്ധത്തിനായി സുഹൃത്തിനെ അങ്ങോട്ടു സമീപിക്കുന്നിടത്താണ് സിനിമ അവസാനിക്കുന്നത്. തൻ്റെ ലൈംഗിക സ്വാതന്ത്ര്യത്തിലേക്കുള്ള മറ്റുള്ളവരുടെ തുറിച്ചു നോട്ടങ്ങളെയും സംശയങ്ങളെയും വെല്ലുവിളിക്കുകയാണിവിടെ നായിക ചെയ്യുന്നത്.

ശ്യാമപ്രസാദിൻ്റെ 'ആർടിസ്റ്റ്' എന്ന സിനിമയിൽ ചിത്രംവരയോടു മാത്രം ഭ്രാന്തമായ അഭിനിവേശമുള്ള, സ്വാർത്ഥനായ, ഒരു ഘട്ടത്തിൽ കാഴ്ച നഷ്ടപ്പെട്ടു പോകുന്ന കാമുകനു വേണ്ടി തൻ്റെ എല്ലാം ഉപേക്ഷിച്ച് അവനു വേണ്ടുന്നതെല്ലാം നൽകുന്ന കാമുകി, താൻ തൻ്റെ കാമുകൻ്റെ സ്വാർത്ഥതയ്ക്ക് വേണ്ടിയാണ് ഇത്രയും കാലം നിലനിന്നിരുന്നത് എന്ന് മനസ്സിലാക്കുന്നിടത്ത് ആ

ബന്ധത്തിൽ നിന്നും തിരിച്ചിറങ്ങാൻ തീരുമാനിക്കുന്നു. 'പാവവീട്' എന്ന നാടകത്തിൻ്റെ ശക്തമായ സ്വാധീനം ഈ സിനിമയിൽ കാണാൻ കഴിയും.

അനുരാജ് മനോഹറിൻ്റെ 'ഇഷ്ക്' എന്ന സിനിമയിലും ഇത്തരത്തിൽ നായികയുടെ ശക്തമായ ഇറങ്ങിപ്പോക്ക് കാണാവുന്നതാണ്. സദാചാര അക്രമണത്തിന് ഇരകളായ കാമുകീകാമുകന്മാരിൽ കാമുകൻ അക്രമിച്ചയാളുടെ വീട്ടിൽ പോയി തങ്ങളെ ഉപദ്രവിച്ച അതേ രീതിയിൽ തിരിച്ചും പ്രതികാരം ചെയ്യുന്നു. കാമുകിയുടെ വിശുദ്ധിയിൽ സംശയം പ്രകടിപ്പിക്കുന്ന കാമുകൻ, കാമുകിക്ക് യാതൊരു കളങ്കവും സംഭവിച്ചിട്ടില്ല എന്നറിയുമ്പോൾ അവളോടടുക്കാൻ ശ്രമിക്കുകയും കാമുകി ആ പ്രണയത്തിൽ നിന്നും ഇറങ്ങിപ്പോരുകയും ചെയ്യുന്നു.'' സിനിമാന്ത്യത്തിൽ നായകനും നായികയും ഒരുമിക്കുന്നതായാണ് സംവിധാകൻ ആദ്യം അവതരിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ നായികയുടെ വ്യക്തിത്വം അവിടെ നഷ്ടപ്പെട്ടു പോകുമെന്ന 'കനികുസൃതി' എന്ന ആർട്ടിസ്റ്റിൻ്റെ അഭിപ്രായമാണത്രേ ഇന്നു കാണുന്ന ശക്തമായ ക്ലൈമാക്സിലേക്ക് സിനിമയെ എത്തിച്ചത്.

ദ ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ എന്ന സിനിമയുടെ സംവിധായകൻ ജിയോബേബി ഒരു അഭിമുഖത്തിൽ പറഞ്ഞത് തൻ്റെ കൂട്ടുകാരികളുടെയും ഭാര്യയുടെയുമെല്ലാം അഭിപ്രായങ്ങളും അനുഭവങ്ങളും ചോദിച്ചു മനസ്സിലാക്കിക്കൊണ്ടാണ് ഈ സിനിമയിലെ ഓരോ രംഗങ്ങളും അവതരിപ്പിച്ചിട്ടുള്ളതെന്നാണ്. അതുകൊണ്ടുതന്നെയായിരിക്കാം മുൻപ് സൂചിപ്പിച്ച പുരുഷൻ ഫെമിനിസം പറയുമ്പോഴുണ്ടാകുന്ന പൊതുവെയുള്ള പ്രശ്നങ്ങൾ ഈ സിനിമയിൽ കുറഞ്ഞനുഭവപ്പെടുന്നത്. എങ്കിൽപോലും സാമാന്യവത്കരണത്തിൻ്റേതായ ഒരു പ്രശ്നം സിനിമയിൽ നിലനിൽക്കുന്നില്ലേ എന്ന വിമർശനത്തെ കൂടി കണക്കിലെടുക്കേണ്ടതുണ്ട്. സ്ത്രീകളനുഭവിക്കുന്ന പ്രശ്നങ്ങളെ ഉപരിപ്ലവമായ രീതിയിൽ അവതരിപ്പിക്കാൻ സംവിധായകൻ ശ്രമിക്കുന്നില്ലേ?എന്നൊരു ചോദ്യം ഇവിടെ ഉരുത്തിരിഞ്ഞു വരുന്നു.

ഈ സിനിമയിലെ പ്രശ്നങ്ങളുടെ തെരഞ്ഞെടുപ്പ് തന്നെ ഒന്നു പരിശോധിക്കാം. ഉയർന്നസാമ്പത്തിക സ്ഥിതിയും ഗൾഫ്പശ്ചാത്തലവുമുള്ള സവർണ്ണ ജാതിയിൽപെട്ട

നായികയുടെ തെരഞ്ഞെടുപ്പിൽ നിന്നു തന്നെ തുടങ്ങാം. ഈ നായികയ്ക്ക് പേരില്ലാത്തതിൻ്റെ കാരണം എല്ലാ സ്ത്രീകളുടെയും പ്രതിനിധാനമെന്ന നിലയിലാണ് നായികയെ അവതരിപ്പിച്ചിരിക്കുന്നത് എന്നതുകൊണ്ടാണെന്ന് സംവിധായകൻ പറയുന്നുണ്ട്. ഒരേ സമയം അതൊരു അപകടം പിടിച്ച ചിന്താഗതിയാണെന്ന് പറയാം. ഒരു സിനിമയ്ക്ക് അതിൻ്റേതായ പരിമിതികളുണ്ട്. എല്ലാ പ്രശ്നങ്ങളെയും ഒരു സിനിമയിൽ ആവിഷ്കരിക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ ഈ സിനിമയിലെ നായികയുടെ പ്രശ്നമാണ് എല്ലാ സ്ത്രീകളുടെയും പ്രശ്നം എന്ന് പറയുന്നതിനോട് വിയോജിപ്പുണ്ട്. ഇതിലെ പ്രശ്നം സ്ത്രീകൾ അനുഭവിക്കുന്ന പല പ്രശ്നങ്ങളിൽ ചിലത് മാത്രമാണ്. ഈ സിനിമയിൽ അവതരിപ്പിച്ചിരിക്കുന്ന സവിശേഷമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടാൽ പരിഹരിക്കപ്പെടുന്നതല്ല സ്ത്രീകളുടെ അസ്വാതന്ത്ര്യം. ഈ സിനിമ സംവിധാനം ചെയ്തത് ഒരു സ്ത്രീ (സ്ത്രീ വീക്ഷണമുള്ള സ്ത്രീ) ആയിരുന്നെങ്കിൽ ആർജ്ജവവും ബുദ്ധിയുമില്ലാത്ത ഒരു നായികയെ ഒരിറങ്ങിപ്പോക്കിനു മാത്രമായി നിർമ്മിക്കുമായിരുന്നില്ല. നായികയുടെ അവസാനത്തെ ഇറങ്ങിപ്പോക്കിനും, മുഖത്തേക്ക് വേസ്റ്റ് വെള്ളം ഒഴിക്കുന്നതിനും വേണ്ടി കെട്ടിച്ചമച്ച സീനുകളായി ചില സീനുകളെങ്കിലും അനുഭവപ്പെട്ടിട്ടുണ്ട്. അതിനുവേണ്ടി നായികയുടെ ചില സാമാന്യയുക്തികളെയും ആർജ്ജവത്തെയും സംവിധായകൻ മന:പൂർവ്വം മുറിച്ചുമാറ്റിയതായി കാണാം. ചോർന്നൊലിക്കുന്നിടത്തു വയ്ക്കുന്ന ചെറിയ ബക്കറ്റും, പ്ലംബറെ വിളിക്കാൻ നിരന്തരം ഭർത്താവിനെ ആശ്രയിക്കുന്നതുമൊക്കെ ഇത്തരത്തിലാണനുഭവപ്പെടുന്നത്.

ഈ സിനിമയിലെ നായിക അനുഭവിക്കുന്ന ഇത്തരം പ്രശ്നങ്ങളെ വളരെ മിടുക്കോടെ കൈകാര്യം ചെയ്യുന്നവരാണ് നമുക്ക് ചുറ്റുമുള്ള ഭൂരിഭാഗം സ്ത്രീകളും. പല വീടുകളുടെയും നിലനില്പുതന്നെ ഇത്തരം സ്ത്രീകളുടെ ആർജ്ജവം കൊണ്ടാണ്. അവരുടെ ആർജ്ജവത്തെ മഹത്വവത്കരിക്കുകയല്ല, മറിച്ച് ആ സ്ത്രീകൾ അനുഭവിക്കുന്ന മറ്റു പ്രശ്നങ്ങൾ ഒട്ടും ചെറുതല്ല എന്നോർമ്മപ്പെടുത്തുകയാണ്. ഈ സിനിമയിൽ പറയുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതു കൊണ്ട് ഈ പറയുന്ന ഭൂരിഭാഗം സ്ത്രീകളുടെയും പ്രശ്നങ്ങൾ ഇല്ലാതാകുന്നില്ല. അതിൻ്റെ തീവ്രതയും കുറയുന്നില്ല. അത്തരം

സ്ത്രീകളുടെ പ്രശ്നങ്ങൾ കൂടി ആവിഷ്കരിക്കപ്പെടുമ്പോഴായിരിക്കാം യഥാർത്ഥപ്രശ്നങ്ങളുടെ ആഴത്തിലുള്ള വായന സാധ്യമാകുന്നത്. അപ്പോൾ ഇത്തരത്തിലുള്ള പുരോഗമനവിപ്ലവവാഘോഷങ്ങൾ ഉണ്ടാകുമോ എന്ന് കണ്ടറിയണം. ഇവിടുത്തെ പുരുഷബോധപുരോഗമന സമൂഹം തങ്ങളുടെ തടിക്ക് കേടില്ലാത്ത ഫെമിനിസവും ജാതിവിരുദ്ധതയും സമത്വസങ്കല്പവുമൊക്കെയാണ് സാധാരണ കൊണ്ടാടാറുള്ളത്.

2016-ലെ മികച്ച സിനിമയ്ക്കുള്ള സംസ്ഥാന അവാർഡ് നേടിയ സനൽകുമാർ ശശിധരൻ സംവിധാനം ചെയ്ത 'ഒഴിവു ദിവസത്തെ കളി' എന്ന സിനിമ 'ജാതി' എന്ന വിഷയത്തെ കൈകാര്യം ചെയ്തതിനേക്കാൾ വളരെ ആഴത്തിലും ക്രിയാത്മകമായും അവതരിപ്പിച്ചിട്ടുള്ള ഷാനവാസ് നരണിപ്പുഴയുടെ 'കരി' എന്ന സിനിമ ഒരു തരത്തിലും അടയാളപ്പെടുത്തുകയോ ആഘോഷിക്കപ്പെടുകയോ ചെയ്തില്ല. രണ്ടും ഒരേ വർഷം ഇറങ്ങിയ സിനിമകളായിട്ടുപോലും. 2014-ൽ മികച്ച പ്രൊഫഷണൽ നാടകത്തിനുള്ള സംഗീത നാടക അക്കാദമി അവാർഡ് ലഭിച്ചത് കെ.പി.എ.സി യുടെ 'പ്രണയ കഥകളി' എന്ന നാടകത്തിനാണ്. ലിയോ ടോൾസ്റ്റോയിയുടെ 'അന്നാകരെനീന' എന്ന കൃതിയെ അവലംബിച്ചാണ് ഈ നാടകം തയ്യാറാക്കിയിട്ടുള്ളത്. 70 വർഷത്തിൽപരം വിപ്ലവ പാരമ്പര്യം അവകാശപ്പെടുന്ന കെ.പി.എ.സിയുടെ ആ നാടകം പുരോഗമന പക്ഷക്കാരെന്നു പറയുന്ന വലിയ ആൾക്കൂട്ടത്തിനിടയിലാണ് അവതരിപ്പിക്കപ്പെട്ടത്. നിശ്ചിത നാടകത്തിൻ്റെ അവസാനത്തിൽ ഭർത്താവിനെ വിട്ട് കാമുകനൊപ്പം പോകുന്ന നായികയ്ക്ക് സംഭവിക്കുന്ന ദുരന്തം 'വീടിൻ്റെ ശ്രീകോവിലിൽ നിന്നും ഇറങ്ങിപ്പോകുന്ന എല്ലാ സ്ത്രീകളുടെയും ഗതിയാണ് എന്ന രീതിയിൽ സന്ദേശം നൽകിക്കൊണ്ടാണ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. അന്നു കേട്ട നിലയ്ക്കാത്ത കൈയ്യടിയിൽ നിന്നും 5 വർഷത്തെ ദൂരമേ 2021 ലേക്കുള്ളൂ എന്നത് ചിന്തിക്കേണ്ടുന്ന കാര്യമാണ്.

ചെഗുവേരയുടെ ചിത്രത്തിനും നാമജപക്കാരുടെ ഇടയിലൂടെയുമുള്ള നായികയുടെ നടത്തത്തെ, ഇത്തരം ആശയമോ രാഷ്ട്രീയമോ സ്ത്രീയുടെ പ്രശ്നത്തെ അവതരിപ്പിക്കുന്നില്ല എന്ന് കാണിക്കാനായി സംവിധായകൻ ഉപയോഗിച്ചിരിക്കുന്നതു കാണാം.എന്നാൽ അതേ സമയം ഒരുപാട് സ്ത്രീകൾ ഈ പ്രശ്നം അനുഭവിക്കുന്നുണ്ട് എന്ന്

കാണിക്കാനായി അതേ സീനിൽ ഉപയോഗിച്ച കുടുംബങ്ങളുടെ കാഴ്ചകൾ ഈ സിനിമയുടെ സാമാന്യവത്കരണത്തെ ഊട്ടിയുറപ്പിക്കുന്നു. വളരെ വ്യത്യസ്തമായ ക്ലാസിലും കാസ്റ്റിലുമുള്ള ആളുകളെ ആ സീനിൽ ഉപയോഗിച്ചത് സിനിമയുടെ സമ്പൂർണ്ണതയിൽ തന്നെ മുഴച്ചു നിൽക്കുന്നതായി തോന്നാം. അത്രയും കാലം നായിക ജീവിച്ചിരുന്ന സ്ഥലവുമായോ വീടുമായോ യാതൊരു ബന്ധവുമില്ലാത്ത ആളുകളെയാണ് അവിടെ കാണാൻ കഴിയുന്നത്. അത്തരമൊരു ആവിഷ്കരണം തന്നെ എല്ലാ കുടുംബത്തിലെ സ്ത്രീകളും അനുഭവിക്കുന്നത് സമാന പ്രശ്നമാണെന്ന് വരുത്തിത്തീർക്കാനാണെന്ന് വായിച്ചെടുക്കുമ്പോൾ ഈ സിനിമയുടെ സാമാന്യവത്കരണം പൂർണ്ണമാകുന്നു.

പൊതുബോധത്തിനനുസരിച്ച് നല്ലതെന്ന് പറയാത്ത നായിക ആയിരുന്നില്ലങ്കിൽ, അല്ലെങ്കിൽ ഈ നായികയ്ക്ക് വിവാഹത്തിന് മുൻപ് പ്രണയമോ ലൈംഗികബന്ധമോ ഉണ്ടായിരുന്നെങ്കിൽ, ഇനി അഥവാ ജീവിത പ്രശ്നങ്ങൾക്കിടയിൽ പുതിയ ബന്ധങ്ങളോ പ്രണയങ്ങളോ ഉണ്ടായാൽ, അതൊന്നുമല്ലെങ്കിൽ നായിക ഭർത്താവിൽ നിന്ന് ഗർഭിണി ആയിരുന്നെങ്കിൽ ഈ ആഘോഷക്കാരുടെ പലരുടെയും ഈ വിഷയത്തിലുള്ള അഭിപ്രായം തന്നെ മാറുമായിരുന്നു എന്നാണ് പൊതുവേ കരുതാൻ കഴിയുന്നത്. അത്തരം സദാചാര പുരോഗമനക്കാർക്ക് രക്ഷപ്പെടാനുള്ള എല്ലാ ഇടവും ഈ സിനിമ നൽകുന്നുണ്ട്. ഉദാഹരണത്തിന് ഇതിലെ നായിക ഫോർ പ്ലേ ആവശ്യപ്പെടുന്ന സന്ദർഭമെടുക്കാം. അതു കേൾക്കുന്ന നായകന് ഭാര്യയുടെ ലൈംഗിക അറിവുകളെ കുറിച്ച് സംശയമുണ്ടാകുമെങ്കിലും പ്രേക്ഷകർക്ക് അങ്ങനെയൊന്നുണ്ടാകുന്നില്ല. അത് പ്രേക്ഷകരുടെ പുരോഗമന കാഴ്ചപ്പാടു കൊണ്ടല്ല. മറിച്ച് അതുവരെ അവതരിപ്പിക്കപ്പെട്ട സൽഗുണസമ്പന്നയായ നായികാ കഥാപാത്രത്തോട് പ്രേക്ഷകരുടെ ഉൾബോധത്തിലുള്ള വിശ്വാസമാണ്. അടുക്കളയിൽ അനുഭവിക്കുന്നതിനോടൊപ്പമോ അതിനേക്കാൾ കൂടുതലോ പ്രശ്നങ്ങൾ ഒരു സ്ത്രീ തൻ്റെ കുടുംബസാമൂഹ്യജീവിതത്തിൽ സദാചാരപ്രശ്നങ്ങൾക്കൊണ്ടനുഭവിക്കുന്നുണ്ട്. എന്നാൽ അതിനെ ഒരു തരത്തിലും സിനിമ പ്രതിനിധാനം ചെയ്യാൻ ശ്രമിച്ചിട്ടില്ല എന്ന് തന്നെ പറയവുന്നതാണ്. എങ്കിലും ഇത്തരം പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്ക് വലിയ തുടക്കമിട്ടു എന്ന നിലയിൽ 'ദ ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ' മികച്ച ഇടപെടൽ നടത്തിയിട്ടുണ്ട്. സ്ത്രീപ്രശ്നങ്ങളെ

അവതരിപ്പിക്കുന്നതിൽ ഈ സിനിമ ഒരു ഫോർ പ്ലേ ആണെന്ന് പറയാവുന്നതാണ്. എന്നാൽ യഥാർത്ഥ പ്രശ്നങ്ങളുടെ പ്ലേയും, ആഫ്ടർ പ്ലേയും വരാനിരിക്കുന്നതേയുള്ളൂ. അന്ന് അതെല്ലാം ആഘോഷിച്ച് തളരുന്ന സമൂഹത്തിലാണ് പ്രതീക്ഷയർപ്പിക്കേണ്ടത്.

**നിഗമനം:** സ്ത്രീകളനുഭവിക്കുന്ന പ്രശ്നങ്ങളെ ഉപരിപ്ലവമായ രീതിയിൽ അവതരിപ്പിക്കുന്ന കലാസൃഷ്ടികൾക്ക് ലഭിക്കുന്ന സ്വീകാര്യത അടുത്ത കാലങ്ങളിലായി വർദ്ധിച്ചു വരുന്നതായി കാണാവുന്നതാണ്. പുരുഷകാഴ്ചപ്പാടിൽ നിന്നുകൊണ്ട് സ്ത്രീയെ അവതരിപ്പിക്കുന്ന പല സിനിമകളും സ്ത്രീകേന്ദ്രീകൃത സിനിമ എന്ന നിലയിൽ ആഘോഷിക്കപ്പെടുമ്പോൾ 'സ്ത്രീപക്ഷം' എന്ന ചിന്തയ്ക്കു തന്നെ അഭ്രംശം സംഭവിക്കുന്നതായി മനസ്സിലാക്കാം. 'ദ ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ' എന്ന സിനിമ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച ചർച്ചകൾക്ക് തുടക്കമിട്ടുവെങ്കിലും ഉപരിപ്ലവാത്മക ഇടപെടലുകൾ മാത്രമായി അത് പരിമിതപ്പെടുകയാണ് ചെയ്തതെന്ന് പറയാവുന്നതാണ്. ദളിത് ന്യൂനപക്ഷ സ്ത്രീകളനുഭവിക്കുന്ന ജാതീയപരവും ലിംഗപരവുമായ അപരവത്കരണത്തെ ഈ സിനിമയിലെ നായികയുടെ ജീവിത പ്രശ്നങ്ങളുമായി കൂട്ടിച്ചേർത്തി വായിക്കാൻ സാധിക്കുകയില്ല എന്നതു തന്നെയാണ് അതിന്റെ ഏറ്റവും വലിയ വെല്ലുവിളി. പുരുഷ നിർമ്മിത ഫെമിനിസം തീർക്കുന്ന ആഘോഷങ്ങൾക്കപ്പുറം സ്ത്രീ സ്വത്വാവിഷ്കാരത്തിന്റെ യഥാർത്ഥ തലങ്ങളെ മനസ്സിലാക്കുന്നിടത്താണ് കലയും സമൂഹവും വിജയിക്കുന്നത്.

## ആധാര സൂചിക


### സിനിമകൾ

- ആർടിസ്റ്റ്, Release date: 30 August 2013, Director: Shyamaprasad, Language: Malayalam.
- ഇഷ്ക്, Release date: 17 May 2019, Director: AnurajManohar, Language: Malayalam.
- ഒഴിവുദിവസത്തെ കളി, Initial release: 29 October 2015, Director: Sanal Kumar Sasidharan, Language: Malayalam.
- കരി, Initial release: 2015, Director: Shanavas Naranipuzha, Language: Malayalam.
- ദ ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ, Initial release: 15 January 2021, Director: Jeo Baby, Language: Malayalam.

- നാലു പെണ്ണുങ്ങൾ (നിത്യകന്യക), Release date: 2 November 2007, Director: Adoor Gopalakrishnan, Language: Malayalam.

- ബ്യാരി, Release date: 9 June 2011, Director: K.P. Suveeran, Language: Malayalam.

- റാണി പത്മിനി, Initial release: 23 October 2015, Director: Aashiq Abu, Language: Malayalam.

**ഹ്രസ്വചിത്രം**

- Freedom at midnight, Initial release: 2021, Director: RJ shaan, Language: Malayalam.

- വഴുതനങ്ങ, 19 September 2019, Director: Alex, Language: Malayalam.

**നാടകം**

- പ്രണയ കഥകളി, സംവിധാനം എ. ശാന്തകുമാർ, കെ.പി.എ.സി, 2014..